## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1970 — 14.08.2017 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പന ശാലകളിലൂടെയും സബ്സിഡി നിരക്കിൽ അരി, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, പഞ്ചസാര എന്നീ അവശ്യ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) എങ്കിൽ അത്തരത്തിൽ വിതരണം നടത്തുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; നിലവിൽ ഇവ പ്രവർത്തനക്ഷമമാണോ എന്നറിയിക്കുമോ; | (ബി) | സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വില്പനശാലാതലത്തിലും കർശനമായ ഗുണനിലവാരനിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലേയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യവസ്തുക്കൾ വിശദമായി പരിശോധിച്ചതിനു ശേഷമാണ് ഡിപ്പോകളിൽ സ്വീകരിക്കുന്നതും വില്പനക്കായി വില്പനശാലകളിലേക്ക് അയയ്ക്കുന്നതും. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ സി.എഫ്.ആർ.ഡി (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവെലപ്മെന്റ് )/ ആർ.എ.എൽ (റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി) മറ്റ് എൻ.എ.ബി.എൽ(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് ) അക്രഡിറ്റഡ് ലാബുകളിലേക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. |

വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് സി.എഫ്.ആർ.ഡി (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവെലപ്മെന്റ്) മറ്റ് എൻ എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു.

(സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം കർശനമായി പാലിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി പരിശോധനാ വിഭാഗത്തിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തലസ്ഥാന നഗരിക്കുള്ളിലെ മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശാധന നടത്തി, ഭക്ഷ്യ യോഗ്യമല്ലാത്ത വസ്തുക്കൾ വിൽപന നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

(ഡി) തലസ്ഥാന നഗരിക്കുള്ളിലെ മാവേലി സ്റ്റോറുകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത കാലഹരണപ്പെട്ട ഭക്ഷണസാധനങ്ങൾ പ്രദർശിപ്പിക്കുകയോ വിൽപന നടത്തുകയോ ചെയ്യുന്നത് കണ്ടെത്താൻ മിന്നൽ പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ